**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487** **25-03-2025 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ലഭിക്കുന്ന ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവയിൽ നിന്നുള്ള വരുമാനം ഏതെല്ലാം മേഖലകളിൽ നിന്നാണെന്ന് പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന് ലഭിക്കുന്ന ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവയിൽ നിന്നുള്ള വരുമാനം ഏതെല്ലാം മേഖലകളിൽ നിന്നാണെന്ന് പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ നിലവിൽ ജി.എസ്.ടി. പോർട്ടലിൽ ലഭ്യമല്ല. എന്നിരുന്നാലും വിവിധങ്ങളായ ആധുനിക സംവിധാനങ്ങളും ഡാറ്റാ അനലറ്റിക്സ് ടൂളുകളും പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വരുമാനത്തെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്.<br><br>2017 ജൂലൈ 1 -ന് രാജ്യത്ത് നിലനിന്നിരുന്ന വിവിധങ്ങളായ പരോക്ഷ നികുതി സമ്പ്രദായങ്ങളെ ഏകോപിപ്പിച്ച് നിലവിൽ വന്ന ജി.എസ്.ടി. നിയമത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള പൂർണ്ണ അധികാരം ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 146 ൽ, ഈ നിയമപ്രകാരമുള്ള രജിസ്ട്രേഷനും നികുതി ഒടുക്കലും റിട്ടേൺ സമർപ്പിക്കലും ഐ.ജി.എസ്.ടി. യുടെ സെറ്റിൽമെന്റും ഇ-വേ ബിൽ രേഖപ്പെടുത്തലും തുടങ്ങി എല്ലാ നിയമപരമായ നടപടിക്രമങ്ങളും ജി.എസ്.ടി. കോമൺ പോർട്ടൽ വഴിയാണ് കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാകുന്നു.<br><br>സംസ്ഥാനത്തിന് ലഭിക്കുന്ന ഐ.ജി.എസ്.ടി. വരുമാനത്തെ കുറിച്ച് പഠിക്കുവാൻ സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഒരു ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും അവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ വ്യാപാരത്തിൽ നിന്നും കേരളത്തിന് ലഭിക്കുന്ന ഐ.ജി.എസ്.ടി. വരുമാനത്തിൽ പൊരുത്തക്കേടുകൾ |

കണ്ടെത്തുകയും ടി വിഷയം കേരളം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. പോർട്ടലിൽ ഫയൽ ചെയ്യപ്പെടുന്ന റിട്ടേൺ ഫോമുകളിൽ മാറ്റങ്ങൾ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ ടി പോർട്ടലിൽ നിന്നും ലഭിക്കുന്ന “MIS Report” കളിൽ, ഒരു ഉൽപ്പന്നം അടിസ്ഥാനമാക്കിയുള്ള ഒരു സംസ്ഥാനത്തിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ നികുതി വരുമാനം ലഭിക്കാനുള്ള സംവിധാനങ്ങളില്ല. റിട്ടേണുകളുടെ അടിസ്ഥാനത്തിലാണ് ഓരോ രജിസ്റ്റേർഡ് നികുതിദായകന്റെയും നികുതി ബാധ്യത കണക്കാക്കുന്നത്. ഒരു സാധാരണ നികുതിദായകൻ ഫയൽ ചെയ്യേണ്ട ജി.എസ്.ടി. റിട്ടേൺ ആയ GSTR-3B യിൽ, HSN/SAC തിരിച്ചോ നികുതി നിരക്ക് തിരിച്ചോ ഉള്ള വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള സംവിധാനം പോർട്ടലിൽ ലഭ്യമല്ല.

ജി.എസ്.ടി. സെൽഫ് അസ്സെസ് മെന്റ് സംവിധാനത്തിൽ അധിഷ്ഠിതമായ ഒരു നികുതി നിയമം ആയതിനാൽ ടി നിയമത്തിൽ മുൻപ് നിലനിന്നിരുന്ന നിയമസംവിധാനങ്ങളിലേത് പോലെ ഒരു നികുതിദായകൻ ഫയൽ ചെയ്യുന്ന റിട്ടേണിന് മേൽ നിർബന്ധിതമായ അസ്സെസ്സ്മെന്റ് ബാധകമല്ല. ജി.എസ്.ടി. നിയമത്തിൽ ഒരു നികുതിദായകൻ ഫയൽ ചെയ്യപ്പെട്ട റിട്ടേണിന് മേൽ വകുപ്പിന് നികുതിനിർണ്ണയ നടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനങ്ങൾ ഉള്ളത് റിട്ടേണിന്റെ സൂക്ഷ്മപരിശോധന, ഓഡിറ്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ മാർഗ്ഗങ്ങൾ വഴി മാത്രമാണെന്ന് ടി നിയമം കൃത്യമായി വിഭാവനം ചെയ്തിട്ടുള്ളതാകുന്നു. പ്രസ്തുത നടപടികൾക്ക് ഒരു നികുതിദായകൻ തിരഞ്ഞെടുക്കപ്പെടുന്നത് വിവിധങ്ങളായ ഡേറ്റ അനലറ്റിക്സ് സംവിധാനങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുന്ന “Risk Score” ന്റെ അടിസ്ഥാനത്തിൽ ആണ്. പ്രസ്തുത “Risk Score” കണ്ടെത്തുവാൻ വകുപ്പ്, Business Intelligence and Fraud Analytics (BIFA) സംവിധാനവും ഇ-വേ ബിൽ അനലിറ്റിക്സ് പോർട്ടലും ഉപയോഗിച്ച് വരുന്നുണ്ട്. വാഹനപരിശോധനയ്ക്ക് ANPR സംവിധാനവും ഉപയോഗിക്കുന്നുണ്ട്. നിയമം വിഭാവനം ചെയ്തിട്ടുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ആവശ്യമായി വരുന്നില്ല. ആയത് നികുതിദായകൻ സെക്ഷൻ 35 പ്രകാരം ടിയാന്റെ ബുക്സ് ഓഫ് അക്കൗണ്ടിൽ സൂക്ഷിച്ചാൽ മതിയാകും. ടി ബുക്കുകൾ

| | | | |
|---|---|---|---|
| | | | സെക്ഷൻ 65, 66 പ്രകാരം ഓഡിറ്റിന് വിധേയമാക്കുമ്പോൾ പരിശോധിക്കപ്പെടുന്നുമുണ്ട്.<br><br>NIC ടീം, GST Prime എന്ന ഒരു പോർട്ടൽ പരീക്ഷണാടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ളതാകുന്നു. ടി പോർട്ടലിന്റെ സേവനങ്ങൾ സംസ്ഥാന GST വകുപ്പും ഉപയോഗിച്ച് വരുന്നുണ്ട്. ആയതിൽ ഒരു നികുതിദായകൻ കൈകാര്യം ചെയ്യുന്ന പ്രധാന സാധനങ്ങളുടെ വിവരങ്ങൾ ലഭ്യമാണെങ്കിലും പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | ഉല്പന്നം തിരിച്ചുള്ള നികുതി പിരിവിന്റെ കണക്ക് നിർണ്ണയിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ ജി.എസ്.ടി. പോർട്ടലിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ അപ്രകാരമൊരു സംവിധാനവും റിപ്പോർട്ട് ജനറേഷൻ ഓപ്ഷനും കോമൺ പോർട്ടലിൽ ലഭ്യമാക്കണമെന്ന് വിവിധങ്ങളായ കൗൺസിൽ യോഗങ്ങളിലും മറ്റും കേരളം ഉന്നയിച്ചിട്ടുണ്ട് . |
| (സി) | ഉല്പന്നങ്ങളുടെ വിറ്റുവരവ് കണക്കാക്കി നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നികുതി പിരിവ് സുതാര്യവും കാര്യക്ഷമവും ഊർജ്ജിതവുമാക്കാനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം "ഈസ് ഓഫ് ഡൂയിങ് ബിസിനസ്" ന്റെ ഭാഗമായി നികുതിദായകർക്ക് നൽകുന്ന സേവനങ്ങൾ വേഗത്തിലാക്കുവാനുള്ള നടപടികളും വകുപ്പിന്റെ പുന:സംഘടനയിലൂടെ ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. കൂടാതെ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പിലെ അഡ്ജുഡിക്കേഷൻ നടപടികൾ "ഫേസ് ലെസ്സ്" ആകുവാനുള്ള പ്രഖ്യാപനവും ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ ജി.എസ്.ടി. നിയമത്തിന് അനുസൃതമായി വകുപ്പിന്റെ പുന:സംഘടന പൂർത്തിയാക്കിയ ആദ്യ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പുന:സംഘടനയിലൂടെ വകുപ്പിനെ ടാക്സ്പെയർ സർവീസസ് വിഭാഗം, ഓഡിറ്റ്വിഭാഗം, ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗം എന്നിങ്ങനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിക്കുകയുണ്ടായി .ടാക്സ്പെയർ സർവീസസ് വിഭാഗം നികുതിദായകർക്ക് നിയമം അനുശാസിക്കുന്ന സേവനങ്ങൾ നൽകുന്നതോടൊപ്പം ജി.എസ്.ടി. റിട്ടേണുകളുടെ വിശദമായ പരിശോധന വഴി വ്യാപാരികൾ പിരിച്ചെടുത്ത നികുതി പൂർണ്ണമായും സർക്കാരിലേക്ക് ഒടുക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിലുള്ള നടപടികൾ സ്വീകരിക്കുന്നു. കൂടാതെ പുന:സംഘടനയിലൂടെ സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് ആരംഭിച്ചത് |

വഴി രാജ്യത്ത് നിലവിൽ വേഗത്തിൽ ജി.എസ്.ടി. രജിസ്ട്രേഷൻ നൽകുന്ന ചുരുക്കം സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിയിട്ടുണ്ട്. നികുതി ഒടുക്കുന്നത് പോലെതന്നെ പ്രധാനമാണ് നികുതി റീഫണ്ട് ചെയ്യേണ്ടത് എന്നും ആയത് " ഈസ് ഓഫ് ഡൂയിങ് ബിസിനസ് ന്റെ ഭാഗമാണ് എന്നതും മനസ്സിലാക്കി 2025 മാർച്ച് 15 മുതൽ വകുപ്പിന്റെ ആസ്ഥാനത്ത് ഒരു സെൻട്രൽ റീഫണ്ട് പ്രോസസ്സിംഗ് ഫോർമേഷൻ പരിക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി യൂണിറ്റ് വഴി നികുതിദായകർക്ക് നൽകുന്ന റീഫണ്ടുകൾ വേഗത്തിലും കുറ്റമറ്റതുമാക്കാൻ വകുപ്പിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വാഹന പരിശോധന, കട പരിശോധന എന്നിവയിലൂടെ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ശക്തമായ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ വകുപ്പിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കാര്യക്ഷമമായി ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഓഡിറ്റ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. നിയമം അനുശാസിക്കുന്ന ഓഡിറ്റ് പ്രവർത്തനങ്ങൾ വഴി നികുതി ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾക്ക് പുറമെ അറസ്റ്റ് ഉൾപ്പെടെയുള്ള പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നിയമത്തിൽ മാറിമാറി വരുന്ന വ്യവസ്ഥകളും, ഫീൽഡിൽ നികുതി വെട്ടിപ്പുകാർ പിന്തുടരുന്ന ആധുനിക രീതികളും മനസ്സിലാക്കിയെടുത്ത് ആയതിനെ ചെറുക്കുവാൻ മികച്ച പരിശീലനം വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമാണ് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ജീവനക്കാർക്കായി ഒരു ട്രെയിനിങ് പോർട്ടൽ ആരംഭിക്കുകയും വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് വിഭാഗങ്ങൾ തിരിച്ച് മികച്ച പരിശീലനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ നിയമത്തിലെ അജ്ഞത മൂലവും മറ്റും സമയത്തിന് റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി ഒടുക്കുന്നതിനും നിയമത്തിലെ മറ്റു മാറ്റങ്ങൾ

| | | | |
|---|---|---|---|
| | | | മനസ്സിലാക്കുന്നതിനും സത്യസന്ധരായ നികുതിദായകർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നു എന്ന് വകുപ്പ് മനസ്സിലാക്കിയതിനെ തുടർന്ന് ടാക്സ്പെയർ ഫെസിലിറ്റേഷൻ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും നിയമത്തിൽ വരുന്ന മാറ്റങ്ങൾ, റിട്ടേൺ ഫയൽ ചെയ്യേണ്ട പ്രധാന തീയതികൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി സർക്കുലറുകളും സോഷ്യൽ മീഡിയ പരസ്യങ്ങളും നൽകിവരുന്നത് വഴി കൃത്യസമയത്ത് നികുതി സർക്കാരിലേക്ക് എത്തുന്നത് ഉറപ്പാക്കുകയും അനാവശ്യമായ നോട്ടീസുകളും വ്യവഹാരങ്ങളും കുറച്ചുകൊണ്ടുവന്ന് ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ